**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2285** **14-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചതിനുശേഷം നാളിതുവരെ വിവിധ കാറ്റഗറിയിൽ എത്ര ജീവനക്കാർക്ക് പുതിയതായി നിയമനം ലഭിച്ചുവെന്ന് കാറ്റഗറി തിരിച്ച് വിശദമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചതിനുശേഷം നാളിതുവരെ വിവിധ കാറ്റഗറിയിൽ നിയമനം നൽകിയ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി പുതിയതായി ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ പി.എഫ്. ,പെൻ . അനുവദിക്കൽ, ഇ-സർവ്വീസ് ബുക്ക്,എച്ച്.ബി.എ. തുടങ്ങിയവ എപ്രകാരമായിരിക്കുമെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ പുതുതായി ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് കേരള മുനിസിപ്പൽ കോമൺ സർവീസ് പെൻഷനബിൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ചട്ടം പ്രകാരം സി.പി.എഫിൽ അംഗത്വം നൽകുകയും ക്ലോഷർ, എൻആർഎ, എൻആർഎ കൺവേർഷൻ എന്നിവ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്ന് അനുവദിച്ചു വരുന്നു. എന്നാൽ താൽക്കാലിക അഡ്വാൻസ് (ടിഎ) അനുവദിക്കുന്നത് അതത് നഗരസഭാ സെക്രട്ടറിമാരാണ്. എന്നാൽ ഏകീകരണം മുഖേന മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ടിഎ, എൻആർഎ, ക്ലോഷർ എന്നിവ അനുവദിച്ചു ഫണ്ട് വിതരണം ചെയ്യുന്നതിന് 12/03/2024 ലെ സ.ഉ (സാധാ) നം 578/2024/LSGD ഉത്തരവ് പ്രകാരം എൽഎസ്ജിഡി ജില്ല ജോയിന്റ് ഡയറക്ടർമാരെ ചുമതലപ്പെടുത്തുകയും TSB അക്കൗണ്ട് എടുക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ എൽഎസ്ജിഡി ജില്ല ജോയിന്റ് ഡയറക്ടർമാർക്ക് ഡിഡിഒ കോഡ് ഇല്ലാത്തതിനാൽ ട്രഷറിയിൽ നിന്നും അക്കൗണ്ട് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഡിഡിഒ കോഡ് എടുക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭ്യമായി TSB Account തുടങ്ങുന്നതുവരെ ഏകീകരണം മുഖേന മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് പ്രിൻസിപ്പൽ |

| | | | |
|---|---|---|---|
| | | | ഡയറക്ടേറ്റിൽ നിന്നുമാണ് TA, NRA, CLOSURE എന്നിവ അനുവദിച്ച ഫണ്ട് വിതരണം ചെയ്യുന്നത്. |
| (സി) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിനുശേഷം നഗരസഭകളിൽ പുതിയതായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അവരുടെ പി.എഫ്. എപ്രകാരമായിരിക്കുമെന്നും വിശദമാക്കാമോ? | (സി) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിനുശേഷം നഗരസഭകളിൽ പുതിയതായി നിയമനം ലഭിച്ചവരുടെ വിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.<br><br>നിലവിൽ മുനിസിപ്പൽ കോമൺ സർവീസിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് കേരള മുനിസിപ്പൽ കോമൺ സർവീസ് പെൻഷനബിൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ചട്ടം പ്രകാരം സിപിഎഫിൽ അംഗത്വം നൽകുകയും ക്ലോഷർ, എൻആർഎ, എൻആർഎ കൺവേർഷൻ എന്നിവ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്ന് അനുവദിക്കുകയും ചെയ്യുന്നു. എന്നാൽ താല്ക്കാലിക അഡ്വാൻസ് (TA) അനുവദിക്കുന്നത് അതത് നഗരസഭകളിൽ നിന്നുമാണ്.<br><br>സിപിഎഫിൽ അംഗത്വം എടുക്കുന്ന മുനിസിപ്പൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പിഎഫ് തുക അതത് മാസം 15 ാം തീയതിയ്ക്ക് മുമ്പായി നഗരസഭകൾ എൽഎസ്ജിഡി (അർബൻ) ഡയറക്ടറുടെ പേരിൽ ജില്ല ട്രഷറിയിലുള്ളTSB അക്കൗണ്ട് 799010100343215 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയതിനു ജീവനക്കാർക്ക് GPF നിരക്കിലുള്ള പലിശ (7.1%) നൽകി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഏകീകരണം മുഖേനെ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് TA, NRA, CLOSURE എന്നിവ അനുവദിച്ച ഫണ്ട് വിതരണം ചെയ്യുന്നതിന് 12/03/2024 ലെ സ.ഉ(സാധാ) നം 578/2024/LSGD നമ്പർ ഉത്തരവ് പ്രകാരം എൽഎസ്ജിഡി ജില്ല ജോയിന്റ് ഡയറക്ടർമാരെ ചുമതലപ്പെടുത്തുകയും TSB അക്കൗണ്ട് എടുക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ എൽഎസ്ജിഡി ജില്ല ജോയിന്റ് ഡയറക്ടർമാർക്ക് ഡിഡിഒ കോഡ് ഇല്ലാത്തതിനാൽ ട്രഷറിയിൽ നിന്നും അക്കൗണ്ട് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഡിഡിഒ കോഡ് എടുക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭ്യമായി TSB Account തുടങ്ങുന്നത് വരെ ഏകീകരണം മുഖേനെ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന മുനിസിപ്പൽ ജീവനക്കാർക്ക് പ്രിൻസിപ്പൽ ഡയറക്ടേറ്റിൽ നിന്നുമാണ് TA, NRA, CLOSURE എന്നിവ അനുവദിച്ച ഫണ്ട് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ക്രമ നം | തസ്തികയുടെ പേര് | പുതിയതായി നിയമനം ലഭിച്ച ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 148 |
| 2 | അസിസ്റ്റന്റ് ടൗൺ പ്ലാനർ | 2 |
| 3 | പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ് III മുനിസിപ്പൽ കോമൺ സർവീസ്/ മെഡിക്കൽ ഓഫീസർ (മോഡേൺ മെഡിസിൻ)/ സൂപ്രണ്ട് (ചൈൽഡ് വെൽഫെയർ സെന്റർ)/ ലേഡി മെഡിക്കൽ ഓഫീസർ | 3 |
| 4 | ഓവർസിയർ ഗ്രേഡ് I | 270 |
| 5 | ഓവർസിയർ ഗ്രേഡ് II | 593 |
| 6 | ഓവർസിയർ ഗ്രേഡ് III | 366 |
| 7 | ഡ്രാഫ്റ്റ്സ് മാൻ / ടൗൺ പ്ലാനിങ് സർവേയർ ഗ്രേഡ് I | 6 |
| 8 | ഡ്രാഫ്റ്റ്സ് മാൻ / ടൗൺ പ്ലാനിങ് സർവേയർ ഗ്രേഡ് II | 27 |
| 9 | ട്രേസർ | 6 |
| 10 | ഡ്രൈവർ ഗ്രേഡ് | 30 |
| 11 | ലൈബ്രേറിയൻ ഗ്രേഡ് | 3 |
| 12 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് | 7 |
| 13 | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 176 |
| 14 | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II | 11 |
| 15 | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II | 375 |
| 16 | ക്ലാർക്ക് | 729 |
| 17 | വില്ലജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II | 221 |

<u>അനുബന്ധം - 2</u>

| **ക്രമ നം** | **തസ്തികയുടെ പേര്** | **നഗരസഭയിൽ പുതിയതായി നിയമനം ലഭിച്ച ജീവനക്കാരുടെ എണ്ണം** |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 32 |
| 2 | അസിസ്റ്റന്റ് ടൗൺ പ്ലാനർ | 0 |
| 3 | പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ് III മുനിസിപ്പൽ കോമൺ സർവീസ്/ മെഡിക്കൽ ഓഫീസർ (മോഡേൺ മെഡിസിൻ)/ സൂപ്രണ്ട് (ചൈൽഡ് വെൽഫെയർ സെന്റർ)/ ലേഡി മെഡിക്കൽ ഓഫീസർ | 3 |
| 4 | ഓവർസിയർ ഗ്രേഡ് I | 96 |
| 5 | ഓവർസിയർ ഗ്രേഡ് II | 118 |
| 6 | ഓവർസിയർ ഗ്രേഡ് III | 68 |
| 7 | ഡ്രാഫ്റ്റ്സ് മാൻ / ടൗൺ പ്ലാനിങ് സർവേയർ ഗ്രേഡ് I | 0 |
| 8 | ഡ്രാഫ്റ്റ്സ് മാൻ / ടൗൺ പ്ലാനിങ് സർവേയർ ഗ്രേഡ് II | 0 |
| 9 | ട്രേസർ | 0 |
| 10 | ഡ്രൈവർ ഗ്രേഡ് II | 28 |
| 11 | ലൈബ്രേറിയൻ ഗ്രേഡ് IV | 0 |
| 12 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 1 |
| 13 | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 176 |
| 14 | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II | 11 |
| 15 | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II | 99 |
| 16 | ക്ലാർക്ക് | 153 |
| 17 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II | 0 |